പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 627 29.7.2015-ലെ മറുപടിക്ക്

ജയിൽ വകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി

ചോദ്യം മറുപടി

ശ്രീ.കെ.മുരളീധരൻ
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.എം.എ.വാഹിദ്
ശ്രീ.ആർ.സെൽവരാജ്

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി രൂപം നൽകിയിട്ടുണ്ടോ ; | (എ) വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ജയിലുകളുടെ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി വിവധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ജയിലുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, ആധുനീകരണം, പുതിയ ജയിലുകൾ സ്ഥാപിക്കൽ, തടവുകാർക്കുള്ള തൊഴിൽ പരിശീലനം, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലൂടെ ജയിലുകളെ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ കേന്ദ്രങ്ങളാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) 2014-15-ൽ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3.43 കോടി (മൂന്നു കോടി നാൽപത്തിമൂന്ന് ലക്ഷം) രൂപയും 'തടവുകാരുടെ ക്ഷേമം' പദ്ധതിയിൽ ഉൾപ്പെടുത്തി 3.49 കോടി (മൂന്ന് കോടി നാൽപത്തിയൊൻപത് ലക്ഷം) രൂപയും ചെലവഴിക്കുകയുണ്ടായി. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, (2011-15) കാലയളവിൽ 153.10 കോടി രൂപയുടെ (നൂറ്റി അൻപത്തി മൂന്ന് കോടി പത്ത് ലക്ഷം രൂപ മാത്രം) വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ